പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T* 2801      10.12. 2014 ൽ മറുപടിക്ക്.

## സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പ്രസവാവധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ സർക്കാരിതര കമ്പനികളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകൾക്ക് ആവശ്യമായ രീതിയിൽ പ്രസവാവധി അനുവദിക്കാത്തത് കാരണം അമ്മയുടെ മുലപ്പാൽ നിഷേധിക്കപ്പെട്ട കുഞ്ഞുങ്ങൾക്ക് സ്വാഭാവിക നീതി ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഐ.ടി മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീ ജീവനക്കാർക്ക് അവരുടെ കുഞ്ഞുങ്ങളെ മുലയൂട്ടാനുള്ള സൗകര്യം ടി സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ മാറിയ സാഹചര്യത്തിൽ കടകളിലും, വാണിജ്യ സ്ഥാപനങ്ങളിലും, ഐ.ടി മേഖലകളിലും പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് അവരുടെ കുഞ്ഞുങ്ങളെ മുലയൂട്ടാനാവശ്യമായ സൗകര്യം തൊഴിൽ സ്ഥാപനത്തിൽ തന്നെ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | കേരള സർക്കാർ, കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്നതു പോലെ കേരളത്തിലെ വിവിധ സ്വകാര്യ. സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും പ്രസവാവധി അനുവദിക്കുന്നതിന് ഉതകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) & (സി) | നിലവിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി മൂന്ന് മാസത്തെ മിനിമം വേതനം അല്ലെങ്കിൽ 15,000/- രൂപ ഇതിൽ ഏതാണോ കുറവ് അത് നൽകാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൻ പ്രകാരം തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ എല്ലാ സ്ത്രീ തൊഴിലാളികൾക്കും മൂന്ന് മാസത്തെ മിനിമം വേതനം അല്ലെങ്കിൽ 15,000/- രൂപ ഇതിൽ ഏതാണോ കുറവ് അത് നൽകി വരുന്നു. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് മൈനർ ഫാക്ടറി, മേജർ ഫാക്ടറി, പ്ലാന്റേഷൻ തുടങ്ങി ബോർഡിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുക മാത്രമാണ് ചെയ്തുവരുന്നത്. |
| (സി) | ഈ കാര്യത്തിൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്; വിശദമാക്കാമോ; | | |
| (ഡി) | സ്ത്രീകളുടെയും കുട്ടികളുടെയും അവകാശ സംരക്ഷണത്തിനായി 1981 ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് സെൻട്രൽ ആക്ട് ആയതിനാൽ ഈ ആക്ടിനുള്ള ഭേദഗതി കേന്ദ്ര സർക്കാർ തലത്തിലാണ് പ്രാബല്യത്തിൽ വരുത്തേണ്ടത്. |

സെക്ഷൻ ഓഫീസർ